

# നളന്ദാക്ഷരങ്ങൾ 2019 20

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാസിക

ഗവ:നളന്ദ ഹയർ സെക്കന്ററി സ്ക്രൂൾ കിഴുപ്പിള്ളിക്കര

# മുഖമൊഴി

പ്രിയമുള്ളവരേ
കിഴക്കമ്പലം ഗവ: നളന്ദ ഹയർ സെക്കണ്ടറി സ്കൂളിലെ
ലിറ്റിൽ കൈറ്റ് പ്രവർത്തകരുടെ എളിയ സ്വപ്നസാക്ഷാൽക്കാരമാണ്
നളന്ദാക്ഷരങ്ങൾ എന്ന ഈ കുഞ്ഞു ഡിജിറ്റൽ മാസിക .
എഴുതിയത് സ്കൂളിലെ കൊച്ചു മിടുക്കൻമാരും മിടുക്കികളുമാണ്.
പോരായ്മകൾ ധാരാളമുണ്ടാകാം .
വിലയേറിയ നിർദ്ദേശങ്ങൾ തരണം.
മുഴുവനും വായിക്കണം.

സ്നേഹത്തോടെ
പത്രാധിപ സമിതി.

## ഉള്ളടക്കം


കിച്ചുവിന്റെ പ്രാർഥനകൾ....4
മുഹമ്മദ് ജാസിം....4
നാറുന്ന പുഴ....5
അഫ്നാൻ വി.എ....5
അഭയാർഥി....6
ശ്രേയാലക്ഷ്മി കെ.എസ്....7
സ്വപ്നതുല്യമായ നിന്റെ സൗന്ദര്യം....7
ശ്രേയ സുരേഷ്....7
വെട്ടം....8
മെഹറുന്നിസ ആർ എ....8
പൗരത്വ പട്ടിക....10
അഫ്നാൻ വി.എ....10

# കിച്ചുവിന്റെ പ്രാർഥനകൾ

(കഥ)

## മുഹമ്മദ് ജാസിം

ഏഴ് ബി

ഒരു ദിവസം സ്കൂളിൽ പോകുവാൻ എഴുന്നേറ്റതാണ് കിച്ചു. അപ്പോൾ അവന്റെ അമ്മ പറഞ്ഞു .ഇന്ന് സ്കൂൾ ഇല്ല .കിച്ചു ചോദിച്ചു എന്താ കാര്യം അമ്മേ വല്ല പണിമുടക്കമാണോ? അമ്മ പറഞ്ഞു അല്ല മോനെ നിന്റെ സ്കൂളിൽ ഇന്ന് മുതൽ ദുരിതാശ്വാസ ക്യാമ്പാണ്. കിച്ചു ചോദിച്ചു. ദുരിതാശ്വാസ ക്യാമ്പോ അതെന്താ? അവന്റെ സംശയങ്ങൾ തുടർന്നു.അവിടെ ഉള്ളവർ ആരാ? അത് ഇനി എല്ലാ ദിവസവും ഉണ്ടാവുമോ? ഞാൻ ആദ്യമായിട്ടാണല്ലോ ഇങ്ങനെ കേൾക്കുന്നത്. അമ്മ തുടർന്നു. ചില ആൾക്കാർ വീട്ടിൽ വെള്ളം കയറിയാൽ അവിടെ പോയി താമസിക്കും, അതാണ് ദുരിതാശ്വാസ ക്യാമ്പ്. വെള്ളം കയറിയ ആളുകളാണ് ക്യാമ്പിൽ കൂടുതലും ഉള്ളത് .എന്നാൽ വീട്ടിൽ വെള്ളം കയറാത്ത ചിലരും അവിടെയുണ്ട്. പ്രളയം കഴിയുന്നത് വരെ അവർ അവിടെ താമസിക്കും. അമ്മ പറഞ്ഞു നിർത്തി. ക്യാമ്പിൽ അവർക്കു ഭക്ഷണമുണ്ടോ? കിച്ചു ചോദിച്ചു.അമ്മ പറഞ്ഞു ഉണ്ടല്ലോ. പണക്കാരായ ആളുകൾ അവർക്ക് ഭക്ഷണം എത്തിക്കും. അപ്പോ നമുക്ക് അവിടെ പോയാലോ കിച്ചു ചോദിച്ചു. വെള്ളം കയറാതെ അവിടെ പോകുന്നത് മോശമാണ് .അമ്മ പറഞ്ഞു.

അപ്പോൾ മുതൽ കിച്ചു പ്രാർഥിച്ചു ദൈവമേ എന്റെ വീട്ടിൽ വെള്ളം കയറണമേ, അപ്പോൾ മഴ നന്നായി പെയ്യുന്നുണ്ടായിരുന്നു. മഴ നിർത്താതെ പെയ്തു. അവന് സന്തോഷം അടക്കാനാവുന്നില്ല. അപ്പോൾ അച്ഛനും അമ്മയും അവിടെ വിഷമിച്ച് ഇരിക്കുകയായിരുന്നു. മഴ കാരണം അച്ഛൻ അന്ന് പണിക്ക് പോയില്ല. വൈകുന്നേരമായപ്പോഴേക്കും മുറ്റത്ത് വെള്ളം ഉയരാൻ തുടങ്ങി. അച്ഛൻ പോയി ഒരു വഞ്ചി വിളിച്ചു കൊണ്ടുവന്നു.അതിൽ കയറി അവർ ദുരിതാശ്വാസ ക്യാമ്പിലേക്ക് യാത്രയായി. പകുതിയായപ്പോൾ വെള്ളം പൊങ്ങുന്നത് കണ്ട് കിച്ചു പേടിച്ചു. ക്യാമ്പിൽ ആളുകൾ തിങ്ങിനിറഞ്ഞതിനാൽ അവർക്ക് അധികം ഭക്ഷണം കിട്ടിയില്ല. അവന് സങ്കടം സഹിക്കാനായില്ല. മൂന്നു ദിവസത്തിനു ശേഷം അവർ വീട്ടിലേക്ക് മടങ്ങി അവൻ എല്ലാ സ്ഥലവും നോക്കിയപ്പോൾ അവസ്ഥ ഭീകരമായിരുന്നു. വീട്ടിൽ കയറിയപ്പോൾ അവൻ കരഞ്ഞുകൊണ്ട് പറഞ്ഞു. എന്റെ വസ്ത്രങ്ങൾ ,ബുക്കുകൾ, കളിപ്പാട്ടങ്ങൾ ഇവയെല്ലാം എനിക്ക് നഷ്ടമായി 'കരഞ്ഞുകൊണ്ട് അവൻ പ്രാർഥിച്ചു .ഇനി ഇങ്ങനെയൊന്നും പ്രളയം ഉണ്ടാക്കരുതേ ദൈവമേ!

# നാറുന്ന പുഴ

കവിത

## അഫ്നാൻ വി.എ

എട്ട് എ

എന്റെ യുവത്വം എത്ര മനോഹരമായിരുന്നു
എന്നിലൂടെ എത്ര തെളിനീരൊഴുകിയിരുന്നു
മനുഷ്യരെന്നെ സ്നേഹത്തോടെ നോക്കിയിരുന്നു.
എന്നാലിന്നോ........

ഞാനൊരു പുഴയാണെന്ന്
പറയാൻ എനിക്ക് നാണമാകുന്നു
എന്നിലുള്ളത് ഒഴുകാതെ കെട്ടി നിൽക്കുന്ന
വെറും മലിന ജലമാണ്
രാസവസ്തുതുക്കളെന്നിൽ വളരെയുണ്ട്
പണ്ടെന്റെ കൂട്ട് കിളികളുടെ
കളകൂജനനാദവും തെളിനീരുമായിരുന്നു
എങ്കിലിന്നീ ദിനങ്ങൾ എനിക്ക്
നൽകുന്നത് മാലിന്യത്തെയാണ് .
എന്തും സഹിക്കാം.......
എങ്കിലും എന്റെ മക്കളായ പലരും
പരലോകം പ്രാപിച്ചതോ?
അതെന്റെ ക്ഷമയുടെ
നെല്ലിപ്പടിയാണ്.
പ്രതികാര ദാഹം എനിക്കേറെയുണ്ട്
മനുഷ്യരോട് ചോദിക്കാനേറെയുണ്ട്
ഞാനവരെ ഒന്നും ചെയ്യില്ലെന്ന്
കരുതിയിട്ടാണോ
ഈ ക്രൂരത !
അവർക്ക് ഞാൻ നൽകുന്നത്
വിഷലിപ്തമായ വെള്ളമാണ്
അത് കാരണമായി
നിരപരാധികൾ മരണപ്പെടുന്നു,
പാവങ്ങളെ കൂടുതൽ കഷ്ടപ്പെടുത്തുന്നതും
നിരപരാധികളെ ശിക്ഷിക്കുന്നതുമാണോ നീതി!
അതിനായിട്ടാണോ എന്നെയീ
ദുരിതം പേറിപ്പിക്കുന്നത്
ഉടലാകെ നാറുന്ന എനിക്ക്
ഞാനൊരു പുഴയാണെന്ന് പറയാൻ വിഷമമുണ്ട്
പുഴയായിരുന്നെന്ന് പറയലാണ് ശരിയാവുക.
പുഴയെന്ന നാമം
തെളിനീരൊഴുകുന്നത് എന്നായിരുന്നെങ്കിൽ
ഇന്നത് നാറുന്ന ഒന്ന്
എന്നാണ് അർഥമാക്കുന്നത്
സഹായിച്ചാൽ തിരികെ നൽകുന്നത്
ഇതാണെന്ന്  ഞാൻ മുമ്പേ അറിഞ്ഞിരുന്നെങ്കിൽ!



# അഭയാർഥി

കഥ

## ശ്രേയാലക്ഷ്മി കെ.എസ്

എട്ട് എ

കോരിച്ചൊരിയുന്ന മഴയിൽ നീനയുടെ വീട്ടിലെത്തിയ ഭിക്ഷക്കാരൻ വളരെയധികം പരവശനായിരുന്നു. അയാൾക്ക് നല്ല വിശപ്പുണ്ടായിരുന്നു. അയാൾ നീനയോട് ഭക്ഷണം ആവശ്യപ്പെട്ടു. അവൾ അവളുടെ അമ്മയുണ്ടാക്കിയ സ്വാദിഷ്ടമായ ചോറും സാമ്പാറും അയാൾക്ക് നൽകി.നീന അയാളുടെ പേര് ചോദിച്ചു. അയാൾ പറഞ്ഞു ഭാസ്കരൻ. നിങ്ങൾ എങ്ങനെയാണ് അഭയാർഥിയായത്? നിങ്ങളുടെ പിന്നിലുള്ള ആ കഥ എന്താണ്? അയാൾ പറയാൻ തുടങ്ങി ." ഞാൻ വളരെ സമ്പന്നനായിരുന്നു.എന്റെ മകളെ ഞാൻ പൊന്നുപോലെയായിരുന്നു നോക്കിയിരുന്നത് . എന്നാൽ അവൾ പഠിച്ച് വലിയ ഉദ്യോഗത്തിൽ എത്തിയപ്പോൾ എന്നെ ഒരു അമ്പലനടയിൽ തള്ളി ഉപേക്ഷിച്ചു പോയി.പിന്നീട് ഞാൻ പുറംപോക്കിലാണ് ജീവിച്ചിരുന്നത്. എന്നാൽ ഈ കഴിഞ്ഞ പ്രളയത്തിൽ ആ കുന്ന് ഇടിഞ്ഞു വീണു.എന്റെ വീട് മണ്ണോട് മണ്ണായി തീർന്നു.. എന്റെ കഷ്ടകാലത്തിന് ഞാൻ ആ സമയത്ത് പുറത്ത് പോയിരിക്കയായിരുന്നു. ഞാൻ ആ വീട്ടിൽ ഉണ്ടായിരുന്നെങ്കിൽ ഞാൻ ഈ ലോകത്ത് നിന്ന് രക്ഷപ്പെടുമായിരുന്നു. ഇപ്പോൾ ഞാൻ അനാഥനാണ്! അയാൾ കരയാൻ തുടങ്ങി.അവൾ അയാളെ ആശ്വസിപ്പിച്ചു. മഴ കഴിഞ്ഞപ്പോൾ അയാൾ നീനയുടെ വീട്ടിൽ നിന്നും പോയി – അവൾ വീടിനകത്തു കയറി. ഈ സമയം ജോലിക്കു പോയ അവളുടെ അമ്മ വീട്ടിൽ തിരിച്ചെത്തി.അവൾ അമ്മയോട് അയാളെ കുറിച്ച് എല്ലാം വിവരിച്ചു കൊടുത്തു. പിന്നീട് അവൾ ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ തുടങ്ങി.അവൾ അനാഥരായവർക്ക് താങ്ങ് നൽകാൻ തുടങ്ങി.അവളും അവളുടെ അമ്മയും ചേർന്ന് ഭാസ്കരൻ ചേട്ടന് പുതിയ വീട് നിർമ്മിച്ചു കൊടുത്തു. പിന്നീട് നീന എന്ന ആ കുട്ടി നല്ല ഒരു സാമൂഹിക പ്രവർത്തകയായി തീർന്നു.

# സ്വപ്നതുല്യമായ നിന്റെ സൗന്ദര്യം

കവിത

## ശ്രേയ സുരേഷ്

പത്ത് ബി

ഹാ നദിയെ, നിന്നെ ഞാൻ ഓർത്തിടുമ്പോൾ
വെള്ളിമിനുങ്ങും ഒരു തേജസ്സായിരുന്നു നീ
എന്നാൽ ഇന്നു നിന്നെ ഞങ്ങൾ
ഭയപ്പെടുന്നു തീരാ ദുഖമായി
തേജസ്സോടെയും ഓജസ്സോടെയും
ഒഴുകിയിരുന്നു നീ
ഇന്നു നിന്റെ തേജസ്സെവിടെ പോയി

നിന്റെ ദുഃഖത്തിനുകാരണമാം ആളുകൾ
നിന്നാലെ തന്നെ നശിച്ചിടുന്നു.
വെള്ളിമിനുങ്ങി ഒഴുകിയിരുന്ന നിന്റെ
ലാവണ്യം ഇന്ന് മാലിന്യപൂർണ്ണമായ്
തീർന്നിരിക്കുന്നു.
ആരും ഒന്നു തൊടാൻ കൊതിച്ചിടും
നിന്റെ സൗന്ദര്യം ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു.
എന്നാലും എങ്ങനെയെങ്കിലും
പുനർജന്മം എടുക്കുമെന്ന
വിശ്വാസത്തോടെ ഒഴുകിടുന്നു.
കളകളാരവം ഉയരുന്ന നിന്റെ ആദ്യ സൗന്ദര്യം
കൊതിച്ചിടുന്നു ഞാൻ ഒരു മായ സ്വപ്നം പോലെ
മായാത്ത മന്ത്രം പോലെ മറക്കാനാവാത്ത ഋതുയോഗം പോലെ!

# വെട്ടം

കഥ

## മെഹറുന്നിസ ആർ എ

ഒമ്പത് എ

ബാല്യം ..... എന്റെ ഓർമ്മകളിലെ നൊമ്പരങ്ങളായിരുന്നു..... കാലം ഉണർത്തുന്ന വലിയ തിരമാലകൾ ഇന്നെന്റെ നോവുകളെ മായ്ച്ച കളയുന്നു.ഓരോ വേർപാട്ടും ഇന്നെനിക്ക് കിട്ടിയ അവസരങ്ങളായിരുന്നു.....

പകലന്തിയോളം ഹോട്ടലിലെ പ്ലേറ്റ് കഴുകിയിട്ട് 10 പൈസ തന്ന ഗംഗാധരേട്ടനോട് പിണങ്ങിയതും കത്ത് പോസ്റ്റ് ചെയ്യാൻ തന്ന മാഷിന്റെ കത്ത് കുളത്തിലെറിഞ്ഞ് സ്റ്റാമ്പ് മേടിക്കാൻ തന്ന ഒരു രൂപ മാവിൻ പൊത്തിൽ സൂക്ഷിച്ചതും ഓർമ്മയുണ്ട്. തെക്കെ കശുമാവിൻ ചുവട്ടിലെ മുകളിലെ ചില്ലയുടെ താഴെ വലിയ പൊത്തുണ്ട്. ആ പൊത്തിലായിരുന്നു രാമുവിന്റെ ചില്ലറയുടെ നിക്ഷേപം .ഈ ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ആ പൊത്ത് നിറയ്ക്കണം.അതിനു വേണ്ടി എല്ലാതന്ത്രങ്ങളും പയറ്റി .പല തവണ എട്ടാം ക്ലാസിലെ ദേവയാനി ടീച്ചർ പിടിച്ചു. നീ എട്ടിലോട്ട് വാ... എരണം കെട്ടവനെ! നിനക്ക് അവിടെ തീർത്ത് തരാം..... അന്നു തന്നെ രാമു മനസ്സിലുറപ്പിച്ചു ഇനി എട്ടാംതരം പയറ്റാൻ ഞാനില്ല ടീച്ചറേ... എനിക്കും മതിയായി.
അന്നൊരുനാൾ കർക്കിടകം തിമിർത്തു പെയ്തു.അതോടൊപ്പം രാമുവിന്റെ കുടുംബവും പട്ടിണിയിൽ തിമിർത്തു .അസുഖം ബാധിച്ച് അരയുടെ ഒരു ഭാഗം തളർന്നു കിടക്കുന്ന അച്ഛൻ രാമുവിനോട് കേണു... അമ്മയ്ക്ക് പണിയില്ല മക്കളേ.... ഇനി നമ്മളെന്ത് ചെയ്യും? അച്ഛന്റെ ചോദ്യം രാമുവിനെ തളർത്തി. അവന്റെ ഇല്ലായ്മകൾ അവന് അവസരമായിരുന്നു. ചേമ്പില കുടയാക്കി വിറഞ്ഞ് തുള്ളുന്ന മഴയെ വക വെക്കാതെ നാലപ്പാട്ടെ കശുമാവിൻ പൊത്തിലേക്ക് ഓടിക്കയറി ചില്ലറ പെറുക്കി കീശയിലാക്കി.... കുത്തരിക്കഞ്ഞിയും ചുട്ട പപ്പടവും രാമുവും കുടുംബവും സന്തോഷിച്ചു.
അല്ലേലും എന്റെ മോൻ മിടുക്കനാ... അച്ഛൻ രാമുവിന്റെ അധ്വാനത്തിന് ആദ്യം കൊടുത്ത സർട്ടിഫിക്കറ്റ്
നാലപ്പാട്ടെ ദേവയാനി ടീച്ചർ നീട്ടി വിളിച്ചു.രാമൂ.... ഇവിടെ ഇന്നലത്തെ മഴയിൽ ഓടൊക്കെ ഇളകിയിരിക്കുന്നു.... അതിനെന്താ ടീച്ചറേ ഞാൻ ശരിയാക്കാം.
ങ്ഹാ സ്കൂളി വന്നിട്ടെന്താ കാര്യം! ഒരക്ഷരം പഠിക്കില്ല കുരുത്തക്കേടിന്റെ അപ്പുറവും! ഇതുപോലെ പറ്റുന്ന പണിക്ക് പോയാ ആ നാണിയമ്മക്ക് അതൊരു സഹായാവും ടീച്ചർ അൽപം ഈർഷ്യയോടെ പറഞ്ഞു,
വിഷയം മാറ്റാനെന്നോണം രാമു ചോദിച്ചു.പാർവ്വതി എന്ത്യേ ടീച്ചറേ?
ഞാനിവിടിണ്ട് മണ്ടൂസേ ഞാൻ പഠിക്ക്യാ. പാർവ്വതി രാമുവിനെ നോക്കി കൊഞ്ഞനം കുത്തി.
കുഴിമടിയനായ രാമു പിന്നെ സ്കൂളിൽ പോയില്ല ദേവയാനി ടീച്ച റവനെ മിടുമിടുക്കുള്ള കാര്യസ്ഥനാക്കുകയായിരുന്നു.പാർവ്വ
കാലത്തിന്റെ കുത്തൊഴുക്കിൽ നാളുകൾ ഓടി മറഞ്ഞു.ദേവയാനി ടീച്ചർക്ക് വയസ്സായി.പാർവ്വതി അങ്ങ് ദൂരെ കോളേജിൽ ലക്ചറർ ആയി.അവളും നാലപ്പാട്ടെ പെണ്ണുങ്ങളെ പോലെ ലോകമറിയുന്ന നോവലിസ്റ്റായി .കുഴിമടിയനായ രാമു ഇന്ന് മുതലാളിയാണ്. ഫർണ്ണിച്ചർ കട സിറ്റിയിൽ മൂന്നെണ്ണമുണ്ട്.നിരവധി ആളുകൾ പണിക്കുണ്ട്.കൂട്ടത്തിൽ രാമുവിന്റെ പഴയ കൂട്ടുകാരൻ സുധാകരനുമുണ്ട്.
സുധാകരൻ ഒരു ദിവസം രാമുവിനോട് പറഞ്ഞു. " ഡിഗ്രി യെടുത്ത ഞാൻ തൊഴിലാളി ഏഴാം തരം പഠിച്ച നീ മുതലാളി. "എടാ സുധാകരാ ഈ മുതലാളിക്ക് മലയാളം തെറ്റ് കൂടാതെ

വായിക്കണമെങ്കിൽ തൊഴിലാളിയായ നീ തന്നെ വേണം. രാമു സുധാകരന്റെ പുറത്ത് തട്ടി ചിരിച്ചു.
ഓ.. നീ അറിഞ്ഞോ രാമു.. നാലപ്പാടെ പാർവ്വതി കുട്ടിക്കാ ഈ വർഷത്തെ സാഹിത്യ അക്കാദമി അവാർഡ്. അവരെഴുതിയ കഥയിൽ ഒരു വശം മുഴുവനും നീയാ രാമൂ,.രാമുവിന്റെ കണ്ണുകൾ വിടർന്നു. എങ്കിൽ നീയാ കഥ ഒന്ന് വായിച്ചേ ! സുധാകരൻ രാമുവിന് കഥ മുഴുവനും വായിച്ച് കേൾപ്പിച്ചു. പഠിപ്പ് കഴിഞ്ഞ് വരുമ്പോ സന്ധ്യമയങ്ങും, വീട്ടു വരെ കൂട്ടായ് ചെന്നതും ഇലഞ്ഞിമരത്തിൽ ഊഞ്ഞാൽ കെട്ടിയതും തിരുവാതിരക്ക് കഞ്ഞിയും പുഴുക്കും വിളമ്പി തന്നതും എല്ലാം എഴുതി പിടിപ്പിച്ചിക്കണു.... ഒന്നും മറന്നിട്ടില്ല. അതെ എന്നെ പാർവ്വതി കുട്ടിക്ക് മറക്കാൻ കഴിയോ സുധാകരാ അത്രക്ക് തല്ലുകൂടിയിട്ടുണ്ട്! അങ്ങനെ എന്തെല്ലാം.... അന്നു രാത്രി രാമുവിന് ഉറങ്ങാൻ കഴിഞ്ഞില്ല. പാർവ്വതിയെ ഒന്ന് കാണാൻ കൊതിയാവണു. കുടുംബക്ഷേത്രത്തിലേക്ക് വരുന്നെന്നറിഞ്ഞപ്പോ പാർവതി പറയാറുള്ളത് പോലെ സമാധാനത്തിന്റെ നിറമായ വെളുത്ത മുണ്ടും ഷർട്ടും എടുത്തു.നാലപ്പാട്ടെ പടിക്കെട്ട് കയറിയത് തെല്ലൊരഹങ്കാരത്തോടെയായിരുന്നു. മരത്തിന്റെ ചാരുകസേരയിൽ എന്തോ ഓർത്ത് കിടക്കുന്ന യുവാവിനോട് രാമു ചോദിച്ചു. പാർവതിക്കുട്ടി എത്തിയോ അയാൾ കാറിലേക്ക് ആഗ്യം കാണിച്ചു .കാറിന്റെ ചില്ല് മെല്ലെ താഴ്ന്നു.അതെ പാർവതി കുട്ടി തന്നെ . ആരാ ? രാമുവിന്റെ ഉള്ളം പിടഞ്ഞു. ഞാനാണ് പടിഞ്ഞാറെ തട്ടിലെ രാമൻ കുട്ടി .മറന്നിട്ടില്ലെന്നറിയാം എന്നെ കഥയിലൊക്കെ ഓർക്കാറുണ്ടെന്നറിഞ്ഞു. ഓ അങ്ങനെ എത്രയെത്ര മുഖങ്ങൾ രാമൻകുട്ടീ.... അതൊക്കെ ഓർക്കാൻ എവിടാ സമയം .അതൊക്കെ കഥയല്ലേ. നിന്നെ പോലുള്ളവരെ പുകഴ്ത്തി തുലി ചലിപ്പിച്ചാലെ ഞങ്ങളെ പോലുള്ളവർക്ക് പശസ്തി കിട്ടൂ. കാറ് പതിയെ ചരലിലൂടെ നിരങ്ങി നീങ്ങി. രാമു പടിഞ്ഞാറെ തൊടിയിലെ ഇലഞ്ഞിമരത്തിന് താഴെ നിന്നു. താൻ ഓടി കയറിയ കശുമാവിൻ മരം: ആ മൂന്നാമത്തെ ചില്ലയുടെ താഴെയുള്ള പൊത്തിൽ കുഞ്ഞിക്കിളികൾ കൂട് കൂട്ടിയിരിക്കുന്നു. ഒരു നെടുവീർപ്പോടെ രാമു നടന്നു നീങ്ങി.

# പൗരത്വ പട്ടിക

കഥ

## അഫ് നാൻ വി.എ

എട്ട് എ

ഹോ! അന്നത്തെ കാര്യം ഓർക്കാൻ പറ്റില്ല. അത്രമേൽ നാം ഭയന്നില്ലേ! മീനയുടെ കണ്ണുകളിൽ അത് പറയുമ്പോൾ ഭയം അലയടിച്ചു.ഇന്ത്യയാണ് അവരുടെ രാജ്യം അച്ഛനും അമ്മയും പാക്കിസ്ഥാനികളാണ് ഇന്ത്യയിൽ ജനിച്ച അവൾ ഇന്ത്യയിൽ അഭയാർഥിയായി ജീവിച്ചു വരികയാണ്.ഒരു സുപ്രഭാതത്തിൽ അവൾ അച്ഛറെയും അമ്മയുടെയും നാടായ പാക്കിസ്ഥാനിലേക്കുള്ള യാത്ര തയ്യാറെടുപ്പുകൾ തുടങ്ങി. വെറുതെ സന്ദർശനം മാത്രമായിരുന്നു മോഹം .അവൾക്ക് പാക്കിസ്ഥാന്റെ അതിർത്തിക്ക് അരികിലെത്തിയത് മാത്രമാണ് ഓർമ്മയുണ്ടായിരുന്നത് .അമ്മയുടെ അനക്കമറ്റ മൃതദേഹത്തിനടുത്ത് നിന്ന് അവളെ തോളിലെടുത്ത് വിങ്ങിപ്പൊട്ടുന്ന അച്ഛനെയാണ് പിന്നീട് കാണാൻ കഴിഞ്ഞത്.പിന്നീട് സ്വന്തം നാട്ടിൽ അഭയാർഥിയെപ്പോലെ ഇന്ത്യക്കാർക്ക് പൗരത്വം ലഭിക്കുമെന്ന് ഒരു കൂട്ടം ആളുകൾ പറയുന്നത് കേട്ട് ഇറങ്ങിയതായിരുന്നു. അവർ.മീനയുടെ അച്ഛൻ ഈറനണിഞ്ഞ കണ്ണുകൾ ഉയർത്തിക്കൊണ്ട് തന്റെ കുഞ്ഞു മകളെ നോക്കി ചിരിക്കാൾ ശ്രമിച്ചു.എങ്കിലും അത് ഇരുവരെയും കരയിപ്പിക്കുക മാത്രമാണ് ചെയ്തത്.പാക്കിസ്ഥാനിൽ നിന്ന് അവർ കുടിയേറിയത് കാശ്മീരിലായിരുന്നു. അവളുടെ കൈയിൽ താൻ ഇന്ത്യക്കാരിയാണെന്നു തെളിയിക്കുന്നതിനുള്ള എല്ലാ തെളിവുകളുമടങ്ങിയ ഒരു കൂട്ടം ചെളി പുരണ്ട കടലാസു തുണ്ടുകളുണ്ടായിരുന്നു. മകളുടെ കൂടെ അയാളും അപേക്ഷിച്ചു.താൻ പാക്കിസ്ഥാൻകാരനാണെന്ന സർട്ടിഫിക്കറ്റോടുകൂടി, കശ്മീരിലെ പ്രവർത്തകർ അയാളുടെ മകളെ പുച്ഛത്തോടെ നോക്കി .ഇവൾക്ക് പൗരത്വ പട്ടികയിൽ ഇടം ലഭിക്കില്ലെന്നും അവൾ ജയിലിലേക്കുള്ളവരിൽ പെട്ടവളാണെന്നും അവർ കുശുകുശുത്തു. അന്തിമ പൗരത്വ പട്ടിക വരുന്ന ദിവസം ആഗതമായി. അപേക്ഷകരിൽ ചിലർ കയറുമായും ചിലർ ലഡുവുമായും കാത്തു നിന്നു .അവസാനം അവളുടെ ഊഴമെത്തി.അവൾ ആ പട്ടികയിലേക്ക് നോക്കി എത്ര നോക്കിയിട്ടും കാണാൻ കഴിയാത്ത മീന എന്ന അവളുടെ പേരിന് വേണ്ടി അവൾ വീണ്ടും വീണ്ടും നോക്കി. അഞ്ചാം മിനിറ്റിലും നോട്ടം കഴിയാഞ്ഞപ്പോൾ അവളുടെ കയ്യുകളിൽ വിലങ്ങണിയിക്കണോ എന്ന് ഭീഷണിപ്പെടുത്തി അവർ വന്നു. കരച്ചിലോടെ അവൾ തന്റെ കൈയിലുണ്ടായിരുന്ന പൊതി പൗരത്വ പട്ടികയിൽ പേര് വന്നവർക്ക് നൽകി. പിന്നീടാണ് അവൾക്ക് സ്വന്തം അച്ഛന്റെ കാര്യം ഓർമ്മ വന്നത്. തന്റെ പേരു തപ്പുമ്പോഴൊക്കെ അവൾക്ക് അച്ഛനെന്നൊരാളെ പറ്റി ചിന്തയുണ്ടായിരുന്നില്ല.അവൾ ഓടിച്ചെന്ന് പേര് നോക്കി ,ഉണ്ട് അതിൽ അനർഹനായ അച്ഛന്റെ പേരുമുണ്ട്. സന്തോഷമറിയിക്കാൻ വീട്ടിലെത്തിയപ്പോൾ പേരുണ്ടാകില്ലെന്ന് കരുതി ആത്മഹത്യ ചെയ്ത അച്ഛനെയാണവൾക്ക് കാണാൻ കഴിഞ്ഞത്! മനസ്സിലൊതുക്കിയ വിതുമ്പലോടെ അവൾ അടുത്തുള്ള അഭയാർഥി ക്യാമ്പിലേക്ക് നടന്നു. തന്നെ ജയിലി ല ലക്ക് കൊണ്ടുപോകാൻ വരുന്നവരെയും കാത്ത്!